ഉത്തരവിനെത്തുടർന്ന് റദ്ദ് ചെയ്യപ്പെട്ടതിനാലും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്താലും അതുവഴിയുള്ള നിയമനം ഇപ്പോൾ സാദ്ധ്യമല്ല. സപെഷ്യൽ റൂൾസ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതി

137 (148) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് സ്വകാര്യ സംരംഭമായി ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നുവോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇപ്പോൾ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് അംഗീകരിച്ചിട്ടുള്ള പദ്ധതിയും, മുൻ യു.ഡി.എഫ്. ഗവൺമെന്റ് രൂപം കൊടുത്ത പദ്ധതിയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷൻ എന്ന സ്വകാര്യ കമ്പനിയുമായി വിഴിഞ്ഞം തുറമുഖ വികസനത്തിന് ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. ഇതിനെത്തുടർന്ന് സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷൻ വിഴിഞ്ഞം തുറമുഖ വികസനത്തിന് പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും, പ്രസ്തുത പ്രൊപ്പോസലിന് സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 156/95 മതുവ തീയതി 29-9-1995 പ്രകാരം അനുമതി നല്കുകയും ചെയ്തു.

(സി) നിലവിലുള്ള വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുക എന്നതാണ് നേരത്തേ ഉദ്ദേശിച്ചിരുന്ന പദ്ധതി. എന്നാൽ ഇപ്പോഴത്തേ പദ്ധതി വിഴിഞ്ഞത്തിന് തെക്കുമാറി അടിമലത്തുറയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു തുറമുഖം സ്ഥാപിക്കുകയെന്നതാണ് കൂടാതെ, 1000 ഏക്കർ ഭൂമി സർക്കാർ ചെലവിൽ ഏറ്റെടുത്ത് നൽകുവാനായിരുന്നു മുമ്പുണ്ടായിരുന്ന ധാരണ. എന്നാൽ ഏറ്റെടുത്ത് നൽകേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം 500 ഏക്കറായി ഇപ്പോഴത്തെ പദ്ധതിയിൽ കുറച്ചിട്ടുണ്ട്.

(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

എട്ടുമണിക്കൂർ ഡ്യൂട്ടി നടപ്പാക്കാൻ നടപടി

138 (43) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly